ശ്രീ. എ. എൽ. ജേക്കബ് : രണ്ടാം ഘട്ടമായി 32 ഗ്രാമങ്ങളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : കടലാസ്സിൽ എഴുതിവച്ച ഒരു ലിസ്റ്റാണ് മന്ത്രി ഇവിടെ വായിച്ചത്. ഈ നിയമസഭതന്നെ പാസ്സാക്കിയ മൽസ്യത്തൊഴിലാളി ക്ഷേമനിധി നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എന്തു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? ആ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്ത് സാഹചര്യത്തിൽ ഈ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങളെല്ലാം ചെയ്തിട്ടുണ്ടല്ലോ. വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് ഈ വർഷം തന്നെ കൊടുക്കുന്നതാണ്.

കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട്

* 168. [187] ശ്രീ. കെ. പി അരവിന്ദാക്ഷൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകളടങ്ങിയ കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ന് ;

(സി) റിപ്പോർട്ടിലെ ശുപാർശകളിൽ ഏതൊക്കെ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളും മനോരോഗചികിൽസയ്ക്കുള്ള ഗവേഷണ സ്ഥാപനങ്ങളും ഒരു പ്രത്യേക ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള ശുപാർശ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്.

(ബി) 28-7-1983-ൽ.

(സി) സംസ്ഥാനത്തെ മൂന്നു മാനസികരോഗാശുപത്രികളെക്കുറിച്ചുള്ള ഒന്നാണ് കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട്. ഈ റിപ്പോർട്ടിലെ ശുപാർശപ്രകാരം എല്ലാ കെട്ടിടങ്ങൾക്കും വേണ്ടത്ര ആധുനിക സജ്ജീകരണങ്ങളും നൽകിക്കഴിഞ്ഞു. റോഡുകളും മതിലുകളും ജലവിതരണവും ഡ്രെയിനേജും മെച്ചപ്പെടുത്തി. വിനോദങ്ങൾക്കും തൊഴിലധിഷ്ഠിത ചികിൽസയ്ക്കും സംവിധാനമുണ്ടാക്കി. ആധുനികരീതിയിലുള്ള ഒരു പുനരധിവാസകേന്ദ്രം 'അഭയ' എന്ന സാമൂഹ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ രോഗികൾക്കും ആവശ്യമായ കട്ടിലുകളും നൽകിയിട്ടുണ്ട്. രണ്ടായിരത്തിലേറെ പുസ്തകങ്ങളും ദിന

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളും മാസികകളും ഉള്ള ഒരു ലൈബ്രറി ഉണ്ട്. 24 . മണിക്കൂറും പ്രവർത്തിക്കുന്ന ഒരു അത്യാഹിത വിഭാഗവും ഏർപ്പെടുത്തിയിട്ടുണ്ട്. നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും സൈക്യാട്രിയിൽ വേണ്ട പരിശീലനം ആശുപത്രിയിൽതന്നെ നൽകുന്നുണ്ട്. ആംബുലൻസ് വാങ്ങിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ആഹാരവും രോഗികൾക്ക് കൃത്യസമയത്ത് നൽകുന്നുണ്ട്. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭരണപരമായ മാറ്റങ്ങളും വരുത്തിക്കഴിഞ്ഞു. എല്ലാ വിഭാഗം ജീവനക്കാർക്കും കർത്തവ്യങ്ങളും ചുമതലകളും നിർവ്വചിച്ചു കൊടുത്തിട്ടുണ്ട്. പി. എച്ച്. സെന്ററർ മുഖേന രോഗികൾക്ക് മരുന്ന് സൗജന്യമായി വിതരണം ചെയ്യുന്നു. അതിനു ദേശീയ മാനസികാരോഗ്യപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം ഒരു പുതിയ സ്ഥലത്തേക്ക് മാറ്റി ആധുനിക സജ്ജീകരണങ്ങളോടുകൂടി തുടങ്ങുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ആയതിനാൽ കൃഷ്ണമൂർത്തികമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന അത്യാവശ്യം വേണ്ട നടപടികളേ ഇപ്പോൾ ചെയ്യുവാൻ നിർദ്ദേശം കൊടുത്തിട്ടുള്ളു.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിയന്ത്രണം 19-1-1986 മുതൽ ആരോഗ്യവകുപ്പിന്റെ കീഴിലാക്കിയിട്ടുണ്ട്. ആഹാര കാര്യങ്ങളിൽ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞു. രോഗികൾക്ക് ആവശ്യത്തിന് വസ്ത്രങ്ങളും നൽകി. ആവശ്യമുള്ള കട്ടിലുകൾ നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. കെട്ടിടങ്ങളെ സംബന്ധിച്ച് നവീകരണത്തിനും പുതിയവ വേണ്ടിടത്ത് നിർമ്മിക്കുന്നതിനും നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ടിലെ ശേഷിക്കുന്ന ശുപാർശകൾ പടിപടിയായി അവിടെയും നടപ്പാക്കുന്നതാണ്.

ശുപാർശകളുടെ ചുരുക്കവും അതിൻമേൽ എടുത്തിട്ടുള്ള നടപടികളുടെ വിവരണവും മേശപ്പുറത്ത് വച്ചിട്ടുണ്ട്. ‡

(ഡി, ഇ) പ്രസ്തുത ശുപാർശ ഗവൺമെന്റ് വിശദമായി പരിശോധിച്ചു വരികയാണ്. നയപരമായ ഈ കാര്യത്തിൽ അന്തിമതീരുമാനം എടുത്തിട്ടില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, നടപടി നടപ്പാക്കിയെന്നാണ് മറുപടിയിൽ പറഞ്ഞത്. ഇവിടെ അനുബന്ധമായി തന്ന സ്റ്റേറ്റുമെന്റിൽ കട്ടിലുകൾ വാങ്ങുന്നതിന് നടപടികളെടുത്തുവെന്നും ജലം എത്തിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ദീർഘമായി എഴുതി തന്നിട്ടുണ്ട്. ആദ്യത്തെ മറുപടിയിൽ പറയുന്നത് നടപടികൾ നടത്തിക്കഴിഞ്ഞുവെന്നാണ്. തൃശ്ശൂർ മാനസികരോഗാശുപത്രിയെ സംബന്ധിച്ചാണെങ്കിൽ പറഞ്ഞിരിയ ഒരു സ്ഥലത്തേക്ക്, മാറാൻ ഉദ്ദേശിക്കുന്നുവെന്ന് പറയുന്നുണ്ട്. അവിടത്തെ സ്ഥല പരിമിതിയെക്കുറിച്ച് വളരെ ദീർഘമായി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞതാണ്, അതിന് യാതൊന്നും ചെയ്തിട്ടില്ല. പറഞ്ഞിരിയ സ്ഥലം കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ട് (രണ്ടു കൊല്ലമായിട്ടും) എന്നാണ് ഇപ്പോഴത്തെയും ഉത്തരം. ഈ റിപ്പോർട്ടിനു ശേഷം തൃശൂർ മാനസികരോഗ ആശുപത്രിയിൽ ഇതിനുമുൻപ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ രോഗികളുടെ നേരെയുള്ള ഹരാസ്മെന്റും അനാശാസ്യ സംഭവങ്ങളും തുടർച്ചയായിട്ട് ഉണ്ടായി വരുന്നതായിട്ടാണ് പത്രവാർത്തകളിൽ കാണുന്നത്. ഇതിനെതിരായിട്ട് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ ?

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഞാൻ ഈ റിപ്പോർട്ടും അതിൻമേൽ ഗവൺമെൻറ് എടുത്തിട്ടുള്ള നടപടികളെയും സംബന്ധിച്ചാണ് പറഞ്ഞത്. വളരെ ദീർഘമായതുകൊണ്ടാണ് ഞാൻ മേശപ്പുറത്ത് വച്ചത്. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാനായി ഇന്ന് നിലവിലിരിക്കുന്ന മാനസികരോഗാശുപത്രി സൗകര്യപ്രദമായ മറെറാരു സ്ഥലത്തേക്ക് മാറ്റാനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിച്ചു വരികയാണ്. അത് വന്നാലേ ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമുക്ക് അവിടെ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അവിടെ രോഗികൾക്ക് ആവശ്യമായ കട്ടിലുകൾ നൽകുന്ന കാര്യത്തിൽപോലും നടപടികൾ എടുത്തുവരുന്നു എന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് കൃത്യമായിട്ട് പറയാൻ കഴിയുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഹെൽത്ത് സെക്രട്ടറിയേയും ഹെൽത്ത് ഡയറക്ടറേയും കോളേജ് എഡ്യൂക്കേഷൻ ഡയറക്ടറേയും അവിടെ അയച്ച് ഇതെല്ലാം പരിശോധിച്ച്, അടിയന്തിരമായി ഇപ്പോഴത്തെ സംവിധാനം വച്ച് ചെയ്യാവുന്നതെല്ലാം ചെയ്യാനുള്ള എല്ലാ നിർദ്ദേശവും നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ ഏതാനും മാസങ്ങൾക്കു മുൻപ് കുറെ ആളുകൾ സ്ഥിരമായി കയറി സ്ത്രീകളായ മാനസിക രോഗികളെ അസാൻമാർഗ്ഗിക നടപടികൾക്ക് ബലമായി ഉപയോഗിച്ചിരുന്നു എന്ന ഗൗരവകരമായ ഒരു പരാതി ഉയർന്നു വന്നിരുന്നു. അതിൻമേലുള്ള നടപടി എന്തായിയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : മാനസിക രോഗാശുപത്രിയാകുമ്പോൾ സ്വാഭാവികമായും ചില പരാതികളൊക്കെ വരും. അത് സ്വാഭാവികമാണ്. പക്ഷെ തിരുവനന്തപുരം മാനസികരോഗാശുപത്രിയെക്കുറിച്ച്, ഈ കമ്മീഷൻ റിപ്പോർട്ടു വന്നതിനുശേഷം എടുത്ത നടപടിയെക്കുറിച്ച് ഈ സഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റി തന്നെ പോയി പരിശോധിച്ച് വളരെ നല്ല രീതിയിലാണ് അവിടെ പ്രവർത്തനം നടക്കുന്നതെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഞാൻ ചോദിച്ചത് അതല്ല. എൻെറ ചോദ്യം അവിടെ മതിൽചാടി കടന്ന് രോഗികളായിട്ടുള്ള അനവധി സ്ത്രീകളെ സാമൂഹ്യ വിരുദ്ധൻമാർ സ്ഥിരമായി അസാൻമാർഗ്ഗിക നടപടികൾക്കുപയോഗിച്ചിരുന്നുവെന്ന് ഈ രാജ്യത്തെ പത്രങ്ങളായ പത്രങ്ങൾ മുഴുവനും പ്രസിദ്ധീകരിക്കുകയും അതിനെപ്പററി മുഖപ്രസംഗങ്ങൾ വരെ എഴുതുകയും ചെയ്തു. ആ സംഭവത്തെപ്പററി അന്വേഷിക്കാമെന്ന് ഈ സഭയിൽ അന്ന് മെഡിക്കൽ വകുപ്പിൻെറ ചാർജ് വഹിച്ചിരുന്ന മന്ത്രി ഉറപ്പു നൽകിയിരുന്നതാണ്. ആ നടപടി എന്തായി എന്നാണ് എൻെറ ചോദ്യം.

ശ്രീ. തച്ചടി പ്രഭാകരൻ : അനാശാസ്യ നടപടികളുടക്കം അവിടത്തെ പ്രവർത്തനത്തിൽ അതൃപ്തിയുണ്ടാകുന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെ മേലിൽ അനാശാസ്യ നടപടികളുണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ആദ്യം ചോദ്യം ചോദിച്ചതിനു മറുപടി പറഞ്ഞില്ല. ഇപ്പോഴുണ് അതിനു വേറെ രൂപത്തിൽ മറുപടി പറഞ്ഞത്. മാനസിക് രോഗികളെ ചികിൽസിക്കുന്നതിനുവേണ്ടി എല്ലാ ഗവൺമെൻറ് ആശുപത്രികളിലും മാനസിക രോഗ ചികിൽസക്ക് വിദഗ്ദ്ധൻമാരായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : രോഗങ്ങളും പരിശോധിക്കുന്നയവസരത്തിൽ മാനസീക രോഗമാണെന്ന് കാണുകയാണെങ്കിൽ ആ രോഗികളെ മാനസിക രോഗആശുപത്രിയിലേക്ക് അയയ്ക്കും. എല്ലാ ആശുപത്രികളിലും മാനസിക രോഗികളുടെ ചികിൽസയും മാനസിക രോഗികളെ കിടത്തി ചികിൽസിക്കുകയും ചെയ്താൽ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതിയിൽത്തന്നെ വലിയ മാറ്റം വരും. അവിടെ പരിശോധിക്കുന്നതിനിടയിൽ മാനസിക രോഗികളാണെന്ന് കാണുകയാണെങ്കിൽ നമ്മുടെ മൂന്നു മാനസികരോഗ ആശുപത്രികളിലേക്കും ഈ രോഗികളെ ചികിൽസക്കായി അയയ്ക്കുകയാണ് പതിവ്.

ശ്രീ. എ.സി. ഷൺമുഖദാസ് : കോഴിക്കോട് മാനസികരോഗ ആശുപത്രിയിൽ കൃഷ്ണമൂർത്തി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കുറെ ദിവസങ്ങളായി സത്യാഗ്രഹം നടക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവിടെ, ഈ വായിച്ച റിപ്പോർട്ടുപ്രകാരം ഒന്നും നടപ്പാക്കിയിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കോഴിക്കോട് മാനസികരോഗാശുപത്രി ഒരു സൊസൈറ്റിയുടെ പേരിലാണ് നടന്നിരുന്നത്. സൊസൈറ്റിയുടെ പേരിൽ ആയിരുന്നതുകൊണ്ട് നമുക്ക് പല വികസന പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് കൃഷ്ണമൂർത്തി കമ്മിഷൻ ശുപാർശ ചെയ്തതനുസരിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് ഡയക്ടറുടെ നിയന്ത്രണത്തിലാക്കുകയും അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഈയടുത്തകാലത്ത് ഹെൽത്ത് സെക്രട്ടറിയും ഡയറക്ടറും പോയി അവിടെ പരിശോധിച്ചു കഴിഞ്ഞതിനുശേഷം ഡിപ്പാർട്ടുമെൻറ് പല രീതിയിലുള്ള വികസന പ്രവർത്തനങ്ങളും അവിടെ നടത്തുകയുണ്ടായി. കോഴിക്കോട് മാനസിക രോഗാശുപത്രിയെ സംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങളുണ്ടായിരുന്നു. അത് ഓരോന്നോരോന്നായി മാറ്റാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. 19-1-1986-ലാണ് ആരോഗ്യവകുപ്പിന്റെ കീഴിലേക്ക് ഇത് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ട്രാൻസ്ഫർ ചെയ്തതിനുശേഷം അവിടെയുണ്ടായിട്ടുള്ള പരാതികളും പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സാഡിസം ഒരു മാനസിക രോഗമാണോ ; അങ്ങനെയാണെങ്കിൽ ഈ നേഴ്സിംഗ് വിദ്യാർത്ഥികളടക്കമുള്ള വരോട് ഒരു സാഡിസം രീതിയിൽ പെരുമാറുന്ന ഈ ഗവൺമെൻറിനെ മാനസിക രോഗാശുപത്രിയിൽ അയയ്ക്കാൻ തയ്യാറുണ്ടോ ?

(ഉത്തരം പറഞ്ഞില്ല.)

പഞ്ചായത്തുകളിലെ കെട്ടിടനിർമ്മാണച്ചട്ടവും കെട്ടിടവാടക നിയന്ത്രണച്ചട്ടവും

* 169. [188] ശ്രീ. പി. വി. മുഹമ്മദ് :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

LIBRARY ARCHIVES Kerala Legislative Assembly